പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 2027      05.10.2016-ൽ മറുപടിക്ക്.

## നഴ്സുമാർക്കെതിരെയുള്ള ചൂഷണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എം.ഉമ്മർ<br>,, ടി. വി. ഇബ്രാഹിം<br>,, എൻ. ഷംസുദ്ദീൻ<br>,, പി.കെ.അബ്ദുറബ്ബ് | ശ്രീ. ടി. പി. രാമകൃഷ്ണൻ<br>തൊഴിലും എക്സൈസും വകുപ്പ് മന്ത്രി |
| (എ) സ്വകാര്യ ആശുപത്രികളിൽ നഴ്സുമാർക്കെതിരെയുള്ള ചൂഷണം തടയുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; | (എ) സ്വകാര്യ ആശുപത്രി ഉൾപ്പെടെ, സർക്കാരിതര സ്വകാര്യ സ്ഥാപനങ്ങളിലെ നഴ്സുമാരുടെ പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിനായി വ്യവസായ ബന്ധസമിതി രൂപീകരിക്കുകയും സമിതി ശിപാർശ പ്രകാരമുള്ള മിനിമം വേതനം ഗസറ്റിലൂടെ വിജ്ഞാപനം ചെയ്യുകയും ആയത് 2013 നവംബർ മുതൽ നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്. റീജിയണൽ ജോയിന്റ് ലേബർ കമ്മീഷണർമാരുടെയും ജില്ലാ ലേബർ ആഫീസർമാരുടെയും നേതൃത്വത്തിൽ സ്ക്വാഡ് പരിശോധന നടത്തി പുതുക്കിയ മിനിമം വേതനം നൽകുന്നില്ലെന്ന് കണ്ടെത്തുന്ന സ്ഥാപനങ്ങൾക്കെതിരെ ക്ലെയിം പെറ്റീഷൻ ഉൾപ്പെടെയുള്ള നിയമ നടപടികൾ സ്വീകരിച്ചിട്ടുണ്ട് തൊഴിൽ വകുപ്പ് നടപ്പിലാക്കിയ വേതന സുരക്ഷാ പദ്ധതി സംസ്ഥാനമൊട്ടാകെ വ്യാപിക്കുന്നതോടുകൂടി നഴ്സുമാർക്ക് മിനിമം വേതനം ഉറപ്പ് വരുത്താനും ആയത് നൽകാത്ത സ്ഥാപന ഉടമകൾക്കെതിരെ തുടർനടപടികൾ സ്വീകരിക്കുവാനും കഴിയും. |

(ബി) ഇത് സംബന്ധിച്ച് സ്വകാര്യ ആശുപത്രി മാനേജ്മെന്റുകളുടെ അഭിപ്രായം ആരാഞ്ഞിട്ടുണ്ടോ എന്ന് വെളിപ്പെടുത്തുമോ ;

(ബി) സ്വകാര്യ ആശുപത്രികളിൽ നഴ്സുമാർക്കെതിരെ ചൂഷണം നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടാൽ തൊഴിൽ വകുപ്പ് ഉദ്യോഗസ്ഥർ നോട്ടീസ് നൽകി നടപടികൾ സ്വീകരിക്കാറുണ്ട് ആയത് സംബന്ധിച്ച് ആശുപത്രി മാനേജ്മെന്റുകളുടെ അഭിപ്രായം ആരായാറില്ല.

(സി) എങ്കിൽ ഡോ. ബലരാമൻ കമ്മിറ്റിയുടെ ശിപാർശകൾ നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

(സി) ബലരാമൻ കമ്മീഷൻ റിപ്പോർട്ടിലെ തൊഴിൽ വകുപ്പുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങൾ സ്വകാര്യ ആശുപത്രി വ്യവസായ ബന്ധ സമിതി ചർച്ച ചെയ്തിട്ടുണ്ട് സമിതിയിൽ കൈക്കൊ ണ്ട തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ടി ജീവനക്കാരുടെ മിനിമം വേതനം പരിഷ്ക്കരിച്ചുകൊണ്ട് ജി.ഒ.(എം.എസ്) നം.135/2013 /തൊഴിൽ തീയതി. 5/11/2013 പ്രകാരം സർക്കാർ വിജ്ഞാപനം പുറപ്പെടുവിക്കുകയും ആയത് നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്നഴ്സ് മാരുടെ ട്രെയിനിംഗിനെ ബന്ധിച്ച് വ്യവസായ ബന്ധസമിതി വ്യക്തമായ തീരുമാനം കൈക്കൊള്ളുകയും പ്രാവർത്തികമാക്കുകയും ചെയ്തിട്ടുണ്ട് സർക്കാർ ഉത്തരവ് (സാധാ) 893/2013/തൊഴിൽ തീയതി 23/05/2013 പ്രകാരം ജനറൽ നഴ്സിംഗ് കോഴ്സ് പാസ്സായവരുടെ സ്റ്റൈപ്പന്റ് 5,100/- രൂപയിൽ നിന്നും 6,000/- രൂപയായും ബി.എസ്.സി. നഴ്സിംഗ് കോഴ്സ് പാസ്സായവരുടെ സ്റ്റൈപ്പന്റ് 5,310/- രൂപയിൽ നിന്നും 6,500/- രൂപയായും നിശ്ചയിച്ച് ഉത്തരവായിട്ടുണ്ട് പ്രാക്ടിക്കൽ ട്രെയിനിംഗ് കാലയളവ് പരമാവധി ഒരു വർഷം എന്ന് നിജപ്പെടുത്തിയിട്ടുണ്ട് പ്രാക്ടിക്കൽ ട്രെയിനിംഗ് നടത്തുന്ന സ്വകാര്യ ആശുപത്രിയിലെ നഴ്സിംഗ് ജീവനക്കാരുടെ ആകെ എണ്ണത്തിന്റെ 25 ശതമാനത്തിലധികം ട്രെയിനികൾ പാടില്ല എന്നും വ്യവസ്ഥകൾ ചെയ്തിട്ടുണ്ട്

സെക്ഷൻ ഓഫീസർ